# ശ്രീ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി സ്ഥാനത്ത് നിന്നും രാജിവെക്കുക മാത്രമല്ലാ, പൊതു ജീവിതം അവസാനിപ്പിക്കുക കൂടി വേണ്ടി വരും.

കേരള രാഷ്ട്രീയത്തെയും ഭരണ സംവിധാനത്തെയും ഇത്രമേൽ മലീമസമാക്കിയിട്ടുള്ള മറ്റൊരു മുഖ്യമന്ത്രിയോ രാഷ്ട്രീയ നേതാവോ കേരളത്തിൽ ഉണ്ടായിട്ടില്ല. അഴിമതി, സ്വജന പക്ഷപാതം, നിയമ ലംഘനം എന്നിവ മുഖ്യമന്ത്രിയുടെ ഓഫീസ് മുതൽ ഏറ്റവും താഴെ തലത്തിലുള്ള ഓഫീസുകൾ വരെ കിനിഞ്ഞിറങ്ങി സാർവത്രികമായിരിക്കുകയാണ്. ഭരണമേധാവി തന്നെ ദുഷ് ചെയ്തികളിൽ ഏർപ്പെട്ടു കൊണ്ടിരിക്കുമ്പോൾ താഴെ തലത്തിലുള്ളവർക്ക് കുസലില്ലായ്മ മുള പൊട്ടുന്നത് സ്വാഭാവികമാണല്ലോ. യാതൊരു തത്വ ദീക്ഷയുമില്ലാതെ ധാർമികതക്കും മേലിലാണ് ' എന്റെ മന:സാക്ഷി' എന്ന് ഉദ്ഘോഷിച്ചു കൊണ്ട് ഒരു ഏകാധിപതിയെ പോലെ തന്നിഷ്ട്ടങ്ങൾ നടത്തിയെടുക്കുകയാണ് മുഖ്യമന്ത്രി. എല്ലാ ദുഷ്ചെയ്തികളുടെയും പ്രഭവസ്ഥാനം താങ്കളുടെ ഓഫീസാണെന്നു വെളിപ്പെട്ടിരിക്കുകയാണ്. ‘ജനങ്ങളോടൊപ്പം,’ ‘ജനങ്ങൾക്കിടയിൽ’ എന്നൊക്കെയുള്ളത് താങ്കൾക്ക് കാപട്യത്തിന്റെ മറ മാത്രമാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിശിതമായ വിമർശനങ്ങൾ ഇത്രയേറെ ഏറ്റു വാങ്ങിയിട്ടുള്ള മറ്റൊരു ഭരണാധികാരി കേരളത്തിലില്ല. വിമർശനങ്ങളൊക്കെ അഴിമതിയുടെയും നിയമ ലംഘനത്തിന്റെയും പേരിലാണ് ഉണ്ടായിട്ടുള്ളത്.

സലിം രാജിന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ള ക്രിമിനൽ തട്ടിപ്പ് കേസുകളിൽ, മുൻ മന്ത്രി കെ. എം. മാണിക്കെതിരെയുള്ള അഴിമതി കേസിൽ, സുപ്രീം കോടതി വരെ ശരിവച്ച തടവ് ശിക്ഷ ഒരു ആശ്രിതന് എല്ലാ നിയമങ്ങളും കാറ്റിൽ പറത്തികൊണ്ട് ഇളവു ചെയ്തതിന്റെ പേരിൽ - അങ്ങനെ പോകുന്നു ഹൈക്കോടതിയുടെ വിമർശനങ്ങൾ ഉണ്ടായ കേസുകൾ.

സോളാർ വിവാദ അന്വേഷണ കമ്മീഷന് മുൻപിൽ ബിജു രാധാകൃഷ്ണൻ മൊഴി നൽകിയപ്പോൾ നിയമസഭയിൽ താങ്കൾ പ്രസ്താവിച്ചതും അതിനടുത്ത ദിവസം മലയാള മനോരമയുടെ എഡിറ്റോറിയൽ പേജിൽ പ്രസിദ്ധീകരിച്ച നിയമ സഭാ പ്രസംഗത്തിന്റെ പൂർണ രൂപത്തിൽ താങ്കൾ പറഞ്ഞിട്ടുള്ളതും സോളാർ വിവാദം സംബന്ധിച്ച ആരോപണങ്ങളിൽ ഒരു ശതമാനം സത്യമുണ്ടെങ്കിൽ മുഖ്യമന്ത്രി പദം ഒഴിയുക മാത്രമല്ല, പൊതു ജീവിതം അവസാനിപ്പിക്കും എന്നാണ്. താങ്കളുടെയും ബിജു

രാധാകൃഷ്ണന്റെയും സരിതാ നായരുടെയും ഉൾപ്പെടെ 122 പേരുടെ വിസ്താരം പൂർത്തിയായി കഴിഞ്ഞപ്പോൾ നിയമസഭയിൽ ഉന്നയിച്ചിരുന്ന ആരോപണങ്ങളിൽ സൂചിപ്പിച്ചിരുന്നതിനേക്കാൾ അനേകം ഇരട്ടി കുറ്റകൃത്യങ്ങൾ താങ്കൾ ചെയ്തിട്ടുണ്ടെന്ന് സംശയാതീതമായി തെളിഞ്ഞിരിക്കുകയാണ്. നിയമ സഭയിൽ ഉന്നയിക്കപ്പെട്ടത് രണ്ട് ആരോപങ്ങൾ മാത്രമായിരുന്നു. ബിജു രാധാകൃഷ്ണൻ - സരിത കൂട്ടുകെട്ടിന് താങ്കളും താങ്കളുടെ ഓഫീസും വഴിവിട്ട സഹായങ്ങൾ നൽകിയിട്ടുണ്ടെന്നും, അത് സംബന്ധിച്ച് നിയമസഭയിൽ ആക്ഷേപങ്ങൾ ഉണ്ടായപ്പോൾ താങ്കൾ നിയമസഭയെ തെറ്റിധരിപ്പിക്കാനായി നുണകൾ പറഞ്ഞു എന്നുമായിരുന്നു അവ.

സോളാർ കമ്മിഷന് നൽകപ്പെട്ട മൊഴികളിൽ നിന്നും ഹാജരാക്കപ്പെട്ടിട്ടുള്ള 600 ഓളം രേഖകളിൽ നിന്നും ഇതിനോടകം സ്പഷ്ട്ടമായിക്കഴിഞ്ഞിട്ടുള്ള കുറ്റകൃത്യങ്ങൾ ഇനി പറയുന്നവയാണ്.

1. താങ്കളും താങ്കളുടെ ഓഫീസും, താങ്കളുടെ നിർദേശ പ്രകാരം മറ്റു പല മന്ത്രിമാരും, അവരുടെ ഓഫീസുകളും, ചില എം. എൽ. എ. മാരും നിരവധി പൊതു മേഖലാ സ്ഥാപനങ്ങളും ബിജു - സരിതാ കൂട്ടുകെട്ടിനെ വഴിവിട്ടും നിയമ വിരുദ്ധമായും സഹായിച്ചിട്ടുണ്ട്. ഇപ്രകാരം ചെയ്തത്, ബിജു - സരിതാ കൂട്ടുകെട്ട് നടത്തി വന്നിരുന്ന സോളാർ എനർജി ബിസിനസ്സിലെ ലാഭത്തിന്റെ പങ്ക് പറ്റുക എന്ന് ഉദ്ദേശത്തോടെയായിരുന്നു.
2. തട്ടിപ്പുകൾ പുറത്താകുന്നതിനു മുമ്പ് തന്നെ താങ്കളും ഏതാനും മന്ത്രിമാരും എം. എൽ. എ. മാരും ടീം സോളാർ കമ്പനിയിൽ നിന്ന് വൻതുകകൾ പറ്റിത്തുടങ്ങിയിരുന്നു. ബിജു സരിത കൂട്ടുകെട്ട് ആരോപിക്കുന്നത് അവരുടെ ബിസിനസ്സിനു സാമ്പത്തിക സുസ്ഥിരത കൈവരുന്നതിന് മുമ്പേ താങ്കളെ പോലുള്ളവർ വൻതുകകൾ ചോദിച്ച് വാങ്ങിത്തുടങ്ങിയത് കൊണ്ടാണ് അവരുടെ ലിക്വിഡിറ്റി നഷ്ട്ടപ്പെടുകയും ബിസിനസ്സ് പരാജയപ്പെടുകയും ചെയ്തു എന്നാണ്. ബിസിനസ്സ് വിജയകരമായി തുടർന്നിരുന്നു എങ്കിൽ ശ്രീ പി. സി. ജോർജ് ശ്രീമതി സോണിയാ ഗാന്ധിക്ക് കത്തെഴുതിയിരുന്നത് പോലെ പതിനായിര കണക്കിന് കോടി രൂപയുടെ കുംഭകോണമായി ഇത് വളരുമായിരുന്നു.
3. മേൽ സൂചിപ്പിച്ച തരത്തിലുള്ള കുംഭകോണം നടത്തുന്നതിനു വേണ്ടി ചാണ്ടി ഉമ്മനെ മുൻനിർത്തി റിന്യൂവബിൾ എനെർജി കോ ഓപ്പറേറ്റിവ് സൊസൈറ്റി എന്ന പേരിൽ ഒരു സൊസൈറ്റി രൂപികരിക്കാനുള്ള നടപടികൾ സരിതയുമായി ചേർന്ന് താങ്കൾ ആരംഭിച്ചിരുന്നു.

4. പ്രതിപക്ഷ പ്രക്ഷോഭത്തിന്റെയും നിയമസഭയിലെ പ്രധിഷേധത്തിന്റെയും ഫലമായി അന്വേഷണ കമ്മീഷനെ നിയമിച്ചപ്പോൾ താങ്കളെയും താങ്കളുടെ ഓഫീസിനെയും അന്വേഷണ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ള നിയമനോത്തരവ് ഇറക്കി നിയമസഭയെയും പൊതുജനങ്ങളെയും കബളിപ്പിച്ചു. അന്വേഷണ കമ്മീഷനാണ് നിയമ സഭക്ക് അകത്തും പുറത്തും ഉണ്ടായ ആരോപണങ്ങൾ പരിശോധിച്ച് താങ്കളെയും താങ്കളുടെ ഓഫീസിനെയും അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയത്.

5. സരിതയും താങ്കളും താങ്കളുടെ ഓഫീസിലെ ജീവനക്കാരും ഉൾപ്പെട്ട ഫോൺ കോളുകൾ കൂടി പരിശോധിച്ച് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാനാണ് സ്പെഷ്യൽ ഇൻവെസ്റ്റിഗെഷൻ ടീമിനെ ചുമതലപ്പെടുത്തുന്നതെന്ന് താങ്കൾ നിയമ സഭയിൽ പ്രസ്താവിച്ചിട്ട്, ഇൻവെസ്റ്റിഗെഷൻ ടീമിന്റെ നിയമനോത്തരവിൽ നിന്നും ടെലിഫോൺ കോളുകളെ അടിസ്ഥാനമാക്കിയുള്ള അന്വേഷണം ഒഴിവാക്കുകയും, അന്വേഷണം ക്രിമിനൽ കേസുകളെ സംബന്ധിച്ച് മാത്രമാക്കി ചുരുക്കി. ടെലിഫോൺ കോളുകളെ അടിസ്ഥാനമാക്കിയുള്ള അന്വേഷണം നിയമനോത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും അത്തരത്തിലുള്ള അന്വേഷണം നടത്തിയിട്ടില്ലെന്നും സ്പെഷ്യൽ ഇൻവെസ്റ്റിഗെഷൻ ടീം തലവൻ എ ഡി ജി പി ഹേമചന്ദ്രൻ കമ്മിഷന് മുൻപിൽ മൊഴി നൽകിയിട്ടുണ്ട്.

6. നിയമസഭക്കും പ്രതിപക്ഷത്തിനും നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ അന്വേഷണ കമ്മീഷനെ നിയമിച്ച താങ്കൾ തന്നെ കമ്മീഷന്റെ നിയമന സാധുതയെ ചോദ്യം ചെയ്തുകൊണ്ടുള്ള റിട്ട് പെറ്റിഷൻ സരിതയെ കൊണ്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്യിച്ചു. താങ്കളുടെ നിർദേശപ്രകാരം ശ്രീ ബെന്നി ബഹനാൻ എം എൽ എ ആണ് റിട്ട് പെറ്റിഷൻ ഫയൽ ചെയ്യിച്ചതെന്നും താൻ റിട്ട് പെറ്റിഷനർ ആയി ഒപ്പിട്ടു കൊടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ശ്രീമതി സരിത കമ്മീഷനിൽ മൊഴിം നൽകിയിട്ടുണ്ട്.

7. ഹൈക്കോടതി റിട്ട് പെറ്റിഷൻ തള്ളിയതിനെ തുടർന്ന് കമ്മീഷനുമായി സഹകരിക്കാതിരിക്കാൻ താങ്കൾ ദൂതന്മാർ വഴി ശ്രീമതി സരിതയോട് നിർദേശിച്ചു. ഇക്കാര്യവും ശ്രീമതി സരിത കമ്മീഷനിൽ മൊഴി നൽകിയിട്ടുണ്ട്. താങ്കളുടെ വിസ്താരം നടക്കുന്നത് വരെ ശ്രീമതി സരിത ഈ നിലപാടാണ് തുടർന്നിരുന്നതെന്നും താങ്കൾ നൽകിയ ഉറപ്പുകല്ക്ക് വിപരീതമായി താങ്കളുടെ വിസ്താര വേളയിൽ തള്ളി പറഞ്ഞത് കൊണ്ടാണ് സത്യങ്ങൾ തുറന്നു

പറയാൻ തീരുമാനിച്ചതെന്നും കൂടി ശ്രീമതി സരിത കമ്മീഷനിൽ മൊഴി നൽകിയിട്ടുണ്ട്.

8. വിവാദം ഉടലെടുത്ത സമയത്ത് നിയമസഭക്ക് അകത്തും പുറത്തും താങ്കൾ പറഞ്ഞ നുണകളെ ന്യാകരിക്കത്തക്ക വിധം കമ്മീഷന് മുമ്പിലും താങ്കൾ അസത്യ പ്രസ്താവനകൾ ആവർത്തിച്ചു. പല ഭരണാധികാരികളും ഇത്തരം പ്രശ്നങ്ങളിൽ അകപ്പെടുമ്പോൾ രാഷ്ട്രീയമായി പിടിച്ച് നിൽക്കുന്നതിന് ആദ്യ ഘട്ടങ്ങളിൽ നുണകൾ പറഞ്ഞിട്ടുള്ള സംഭവങ്ങൾ ലോകത്തിന്റെ പലഭാഗത്തും ഉണ്ടായിട്ടുണ്ട്. അത്തരം ഭരണാധികാരികളിൽ ഭൂരിപക്ഷവും, പക്ഷേ, അന്വേഷണ കമ്മീഷന് മുമ്പിൽ മൊഴി നൽകുമ്പോൾ തെറ്റ് ഏറ്റുപറയുകയാണ് ചെയ്തിട്ടുള്ളത്. താങ്കളാകട്ടെ ആദ്യ ഘട്ടങ്ങളിൽ പറഞ്ഞ നുണകൾ സ്ഥാപിക്കുന്നതിന് വേണ്ടി വീണ്ടും കമ്മീഷന് മുമ്പിലും നുണകൾ ആവർത്തിക്കുകയാണ് ചെയ്തത്. താങ്കൾ നൽകിയ മൊഴികൾ നുണകളാണെന്നു സ്ഥാപിക്കുന്നതാണ് കമ്മീഷൻ വിസ്തരിച്ച താങ്കൾ ഒഴികെയുള്ള ബഹുഭൂരിഭാഗം സാക്ഷികളുടെയും മൊഴികൾ.

ഇതുവരെ വിസ്തരിച്ച സാക്ഷികളുടെയും ഇനി വിസ്തരിക്കാനുള്ള സാക്ഷികളുടെയും മൊഴികളും ഹാജരാക്കപ്പെട്ടിട്ടുള്ള രേഖകളും പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ കമ്മീഷൻ ഇനിയും സമയമെടുക്കും. പക്ഷേ, താങ്കൾക്ക് ആത്മാഭിമാനം അല്പമെങ്കിലും അവശേഷിച്ചിട്ടുണ്ടെങ്കിൽ താങ്കൾ ഇത് സംബന്ധിച്ച് നിയമസഭയിൽ നടത്തിയ പ്രസംഗത്തിന്റെ വെളിച്ചത്തിൽ ( അതിന്റെ പൂർണ്ണ രൂപമാണ് മലയാള മനോരമ എഡിറ്റോറിയൽ പേജിൽ പ്രസിദ്ധീകരിച്ചത് ) രാജിവെക്കാനും പൊതു ജീവിതം അവസാനിപ്പിക്കാനും താങ്കൾ ബാദ്ധ്യസ്ഥനാണ്. നിയമസഭയിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ താങ്കളും താങ്കളുടെ ഓഫീസും ബിജു - സരിതാ കൂട്ടുക്കെട്ടിനു വഴി വിട്ട സഹായങ്ങൾ നൽകി എന്നല്ലാതെ അവരില നിന്ന് പണം കൈപ്പറ്റി എന്ന ആരോപണം ഉൾപ്പെട്ടിരുന്നില്ല. താങ്കളുടെ മകനെ മുൻനിർത്തി ബിസിനസ്സ് ചെയ്യാൻ സരിതയുടെ സഹായം തേടി എന്ന ആരോപണവും ഉൾപ്പെട്ടിരുന്നില്ല. നിയമസഭയിൽ സ്വയം ന്യായീകരിക്കുന്നതിന് വേണ്ടി താങ്കൾ നുണ പറഞ്ഞിരുന്നെങ്കിലും കമ്മീഷന് മുൻപിൽ അതെ നുണകൾ അതെ നുണകൾ ആവർത്തിക്കുക എന്ന തെറ്റ് ആ സമയത്ത് താങ്കൾ ചെയ്തിരുന്നില്ല. കമ്മീഷന്റെ നിയമനോത്തരവിൽ നിന്ന് താങ്കളെയും താങ്കളുടെ ഓഫീസിനെയും ഒഴിവാക്കിക്കൊണ്ടുള്ള നിയമസഭയോടുള്ള വഞ്ചന തുടക്കത്തിൽ ഉണ്ടായിരുന്നില്ല. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ കാര്യത്തിൽ താങ്കൾ നടത്തിയ വഞ്ചനയും തുടക്കത്തിൽ ഉണ്ടായിരുന്നില്ല. കമ്മീഷൻ നിയമനത്തിന്റെ സാധുത ശ്രീമതി

സരിതയെ കൊണ്ട് ഹൈ ക്കോടതിയിൽ ചോദ്യം ചെയ്യിപ്പിക്കുക എന്ന വഞ്ചനയും തുടക്കത്തിൽ ഉണ്ടായിരുന്നതല്ല. ഹൈ ക്കോടതിയിലെ നടപടി പരാജയപ്പെട്ടപ്പോൾ കമ്മീഷനുമായി സഹകരിക്കാതിരിക്കാൻ സരിതയെ പ്രേരിപ്പിച്ചു എന്ന കുറ്റവും തുടക്കത്തിൽ ഉണ്ടായിരുന്നതല്ല. ചുരുക്കത്തിൽ, തുടക്കത്തിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ ഒരു ശതമാനമല്ല ആ ആരോപണങ്ങളുടെ അനേകം മടങ്ങ് വരുന്നതാണ് ഈ വിഷയത്തിൽ താങ്കൾ ഇതുവരെ ചെയ്തിട്ടുള്ള തെറ്റുകളും കുറ്റങ്ങളും.

## ഇതുവരെ വിസ്തരിക്കപെട്ട സാക്ഷികൾ

### രാഷ്ട്രീയ നേതാക്കൾ

ഉമ്മൻ ചാണ്ടി – മുഖ്യമന്ത്രി, വി. എസ്. അച്ചുദാനന്ദൻ - പ്രതിപക്ഷ നേതാവ്, കോടിയേരി ബാലകൃഷ്ണൻ - പ്രതിപക്ഷ ഉപനേതാവ്, പിണറായി വിജയൻ - കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) പോളിറ്റ് ബ്യൂറോ അംഗം, വൈക്കം വിശ്വൻ - എൽഡിഎഫ് കൺവീനർ , വി എം സുധീരൻ - കെ പി സി സി പ്രസിഡന്റ്, പി സി ജോർജ് - മുൻചീഫ് വിപ്പ്, ആർ ബാലകൃഷ്ണപിള്ള - കേരള കോൺഗ്രസ് (ബി) ചെയർമാൻ, പന്ന്യൻ രവീന്ദ്രൻ - സി പി ഐ മുൻ സ്റ്റേറ്റ് സെക്രടറി, കാനം രാജേന്ദ്രൻ - - സിപിഐ സ്റ്റേറ്റ് സെക്രട്ടറി, തോമസ് ഐസെക് എം.എൽ.എ., രാജു എബ്രഹാം എം.എൽ.എ., ശ്രീരാമകൃഷ്ണൻ എം.എൽ.എ., വി എസ്. സുനിൽ കുമാർ എം.എൽ.എ., മാത്യു ടി. തോമസ് എം.എൽ.എ., എ കെ ശശീന്ദ്രൻ എം.എൽ.എ., സി ദിവാകരാൻ എം.എൽ.എ., ആർ. ശെൽവരാജ് എം എൽ എ, സജി ചെറിയാൻ -കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ് ) ആലപ്പുഴ ജില്ലാ സെക്രട്ടറി, കെ സുരേന്ദ്രൻ - ബി ജെ പി സ്റ്റേറ്റ് സെക്രട്ടറി, എം ഐ ഷാനവാസ് എം. പി., സി പ്രദീപ് കുമാർ - മുൻ മന്ത്രി ഗണേഷ് കുമാറിന്റെ പേർസണൽ സെക്രട്ടറി, മനോജ് കുമാർ - കേരള കോൺഗ്രസ് (ബി) സെക്രട്ടറി,

**<u>ജുഡീഷ്യൽ ഓഫീസർ</u>**

എൻ വി രാജു -ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കാസർഗോഡ് ( എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ആയിരിക്കെ സരിത നായരുടെ പരാതി കേട്ട ജുഡീഷ്യൽ ഓഫീസർ )

**<u>കോടതി ഉദ്യോഗസ്ഥർ</u>**

മഞ്ജുഷ - എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ശിരസ്തദാർ,

റിസി മോൾ - എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ലോവർ ഡിവിഷൻ ക്ലാർക്ക്

**<u>മാധ്യമ പ്രതിനിധികൾ</u>**

എം ജി രാധാകൃഷ്ണൻ - ഏഷ്യാനെറ്റ് ന്യൂസ് എഡിറ്റർ, ബി വേണുഗോപൻ - മാതൃഭൂമി ന്യൂസ് സീനിയർ ന്യൂസ് എഡിറ്റർ, നികേഷ് കുമാർ - റിപ്പോർട്ടർ ടി വി മാനേജിംഗ് ഡയറക്ടർ, എൻ രാജേഷ് - മംഗളം ചീഫ് എഡിറ്റർ , ജിജോ ജോൺ പുത്തേഴത്ത് - മലയാള മനോരമ ചീഫ് റിപ്പോർട്ടർ, കെ. എം. മോഹൻദാസ് -ദേശാഭിമാനി ന്യൂസ് എഡിറ്റർ, മുഹമ്മദ് ജാഫർ - മാധ്യമം ചീഫ് റിപ്പോർട്ടർ, സി. ഇ. വാസുദേവ ശർമ - മാതൃഭൂമി കൊല്ലം ബ്യൂറോ ചീഫ്, ടി. ഷഹീദ് - മാതൃഭൂമി ചീഫ് റിപ്പോർട്ടർ, ആർ. അജിത് കുമാർ - മംഗളം അസോസിയേറ്റ് എഡിറ്റർ, എം എച്ച്. വിഷ്ണു - കേരള കൌമുദി ചീഫ് റിപ്പോർട്ടർ, , ആർ അജയഘോഷ് - ഏഷ്യാനെറ്റ് ന്യൂസ് എഡിറ്റർ, സിന്ധ്യ ചന്ദ്രൻ - ഡെക്കാൺ ക്രോണിക്കൾ അസിസ്റ്റന്റ് എഡിറ്റർ, സർവമദനൻ - റിപ്പോർട്ടർ ടിവി ലൈബ്രേറിയൻ, കെ.എസ്. സന്ദീപ് - കേരള കൌമുദി, ബിന്ധുരാജ് - സ്മാർട്ട് ഡ്രൈവ് ഓട്ടോമൊബൈൽ മാഗസിൻ എഡിറ്റർ.

**<u>തട്ടിപ്പിന് വിധേയരായവർ</u>**

സജാദ്, അബ്ദുൽ മജീദ്, ആർ. ശ്രീധരൻ നായർ, ഇ കെ ബാബുരാജൻ, ഡോ. മാത്യൂ തോമസ്, അന്ന മാത്യൂ തോമസ്, ടി സി. മാത്യൂ , ആർ. ജി. അശോക് കുമാർ, റാസിഖ് അലി, എം കെ കുരുവിള.

**<u>പോലീസ് ഉദ്യോഗസ്ഥർ</u>**

ഷീജ ദാസ് - വനിതാ പോലീസ് കോൺസ്റ്റബിൾ, നസീന ബീഗം - വനിതാ പോലീസ് കോൺസ്റ്റബിൾ (മുഖ്യമന്ത്രിയുടെ സെക്രട്ടറിയറ്റ് ഓഫീസിലെ പാറാവുകാർ), പി.പി. നിജേഷ് - മുൻ തലശേരി കോൺസ്റ്റബിൾ, ശ്രീജ എ . ആർ - വനിതാ പോലീസ് കോൺസ്റ്റബിൾ, ഷിജു കെ. നായർ - സീനിയർ പോലീസ് കോൺസ്റ്റബിൾ, നന്ദകുമാർ - സീനിയർ പോലീസ് കോൺസ്റ്റബിൾ, മുഹമ്മദ് ഇഖ്ബാൽ - സീനിയർ പോലീസ് കോൺസ്റ്റബിൾ, സുധീർ മനോഹർ - കോതമംഗലം സബ് ഇൻസ്പെക്ടർ, ബിജു ജോൺ ലൂക്കോസ്- തലശേരി സബ് ഇൻസ്പെക്ടർ, റെജി ജേക്കബ് - എസിപി തിരുവനന്തപുരം, ജയ്സൺ കെ. എബ്രഹാം - കോഴിക്കോട് റൂറൽ DySP, പ്രസന്നൻ നായർ - പത്തനംതിട്ട മുൻ DySP , കെ എസ് സുദർശനൻ - തലശേരി മുൻ DySP , പ്രേമചന്ദ്രൻ മുൻ ADGP സൌത്ത് സോൺ, ടി പി സെൻ കുമാർ DGP , ഹരികൃഷ്ണൻ - പെരുമ്പാവൂർ DySP (തെളിവെടുപ്പ് പൂർത്തിയായിട്ടില്ല).

**<u>ജയിൽ അധികൃതർ</u>**

വിശ്വനാഥ കുറുപ്പ് - പത്തനംതിട്ട സബ് ജയിൽ സൂപ്രണ്ട്, എ നസീറ ബീവി അട്ടകുളങ്ങര വനിതാ ജയിൽ സൂപ്രണ്ട്, ഗോപകുമാർ എച്ച്. - ജയിൽ DIG , അലക്സാണ്ടർ ജേക്കബ് - റിട്ട. DGP കം ജയിൽ മേധാവി., ശ്രീരാമൻ - അട്ടകുളങ്ങര വനിതാ ജയിൽ ഡെ. പ്രിസൺ ഓഫീസർ ആയിരുന്ന ആൾ.

**<u>ടീം സോളാർ ജീവനക്കാർ</u>**

ബിജു രാധാകൃഷ്ണൻ - മാനേജിംഗ് ഡയറക്ടർ & സി ഇ ഓ, സരിത എസ്. നായർ - ഡയറക്ടർ & മാർക്കറ്റിംഗ് ഹെഡ് രാജാശേഖരൻ നായർ - ജനറൽ മാനേജർ, സി. മോഹൻദാസ് - പർച്ചേസ് മാനേജർ, ജിഷ, രജനി, ചാൾസ്, ശ്രീജിത്ത്, സന്ദീപ്, റിജേഷ്, വിമല, മണി മോൻ, എം. ബി . രാജേഷ്, ശരൺ കെ. ശശി.

**<u>സാമൂഹ്യ പ്രവർത്തകർ</u>**

ജോയി കൈതാരത്ത്, ജോർജ് വട്ടുകുളം

**<u>കമ്മീഷനിൽ കക്ഷി ചേർന്നവർ</u>**

അഡ്വ. ബി കെ ഗുരുപ്രസാദ്, ഐസക് വർഗീസ്, അഡ്വ. സി. രാജേന്ദ്രൻ, ആർ. രഘുത്തമൻ, അഡ്വ. ജോൺ ജോസഫ്, കെ. രാജൻ

**<u>അനെർട്ട് ഉദ്യോഗസ്ഥർ</u>**

ടി മിത്ര - ഡയറക്ടർ, ആർ. രാജേഷ് - പ്രോഗ്രാം ഓഫീസർ, അനീഷ് എസ്. പ്രസാദ് - പ്രോഗ്രാം ഓഫീസർ, സുരേഷ് ബാബു - ടെക്നീഷ്യൻ, വിനോദ് - തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ അനെർട്ട് നടത്തിയ പ്രോഗ്രാമിന്റെ ഫോട്ടോഗ്രാഫർ.

**<u>സാക്ഷികളായി വിസ്തരിക്കപെട്ട മറ്റു ഉദ്യോഗസ്ഥർ</u>**

ഡോ. ജി . പ്രസാദ് - ഡയറക്ടർ MNRE ഡൽഹി, പ്രൊഫ. പി. ബി. സുഗതകുമാർ - MD Rutronix , വി ജോൺ കുര്യൻ - ചീഫ് സെക്യൂരിറ്റി ഓഫീസർ സെക്രട്ടറിയെറ്റ് തിരുവനന്തപുരം.

**<u>മുകളിൽ ചേർത്തിട്ടുള്ളവർ കൂടാതെ</u>**

അഡ്വ. ഫെനി ബാലകൃഷ്ണൻ, രഘുനാഥൻ നായർ - ഫെനി ബാലകൃഷ്ണന്റെ ക്ലാർക്ക്, ഇന്ദിര എസ് - സരിതയുടെ അമ്മ, ശാലു മേനോൻ - നർത്തകി, കലാദേവി - ശാലു മേനോന്റെ അമ്മ, ശിവദാസൻ - മാതൃഭൂമി ജീവനക്കാരൻ, വിനു കുമാർ, ശശികുമാർ, മധു എസ് - വിവാദം ഉടലെടുത്ത ശേഷം സരിതയോടൊപ്പം ഉണ്ടായിരുന്ന ഡ്രൈവർമാർ, - സി. എൽ. ആന്റോ ( അന്തരിച്ച കെ. കരുണാകരന്റെ കാലത്ത് പാവം പയ്യൻ എന്നറിയപ്പെട്ടിരുന്ന ആളും സോളാർ എനെർജി സംബന്തിച്ചു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് പ്രൊജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചിരുന്ന ആളും).

## വസ്തുതകൾ

സോളാർ വൈദ്യുതി  ഉൽപാദനം പ്രോത്സാഹിപ്പിച്ച് 2022 ആകുമ്പോഴേക്കും ഇന്ത്യയെ സോളാർ വൈദ്യുതികൊണ്ട് സ്വയം പര്യാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവർമെന്റിന്റെ റിന്യൂവബിൾ എനർജി മന്ത്രാലയം (M.N .R .E ) ആരംഭിച്ച ജവഹർലാൽ നെഹ്റു നാഷണൽ  സോളാർ മിഷൻ സോളാർ വൈദ്യുതി  ഉത്പാദനത്തിന് ആകർഷകമായ സബ്സിഡി  നൽ കുന്നതിനുള്ള പദ്ധതി  2010-ൽ ആവിഷ്കരിച്ചു. തൃശ്ശൂർ സ്വദേശിയായ C L ആന്റോ (കെ കരുണാകരന്റെ കാലത്ത് 'പാവം പയ്യൻ' എന്നറിയപെട്ടിരുന്ന  ആൾ) എന്നയാൾ കേന്ദ്ര  ഗവർമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ  മുൻ നിറുത്തി സഹകരണാടിസ്ഥാനത്തിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ട് സോളാർ വൈദ്യുതിഉത്പാദനം കേരളത്തിൽ സാർവത്രികമായി നടപ്പാക്കുനതിനായി ഒരു പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി മുഖ്യമന്ത്രി  ഉമ്മൻ ചാണ്ടിക്ക് സമർപിച്ചു. പ്രസ്തുത പ്രൊജക്ടിന്റെ അടങ്കൽ തുക 60,000 കോടി രൂപയായിരുന്നു.

പ്രോജക്റ്റ് പഠിച്ച ഉമ്മൻ ചാണ്ടിക്ക് സോളാർ വൈദ്യുതിയുടെ  സാദ്ധ്യതകൾ ബോധ്യപ്പെടുകയും  അത് കോൺഗ്രസ് 'എ' ഗ്രൂപിനും തനിക്കും പ്രയോജനപ്പെടത്തക്കവിധം ആസൂത്രണം  ചെയ്യാൻ തീരുമാനമെടുക്കുകയും ചെയ്തു. സാധാരണ നിലയിൽ ഉമ്മൻ ചാണ്ടി ആ പ്രോജക്റ്റ് ശുപാർശയോടെ വൈദ്യുതി വകുപ്പ് മന്ത്രിക്ക് നൽകേണ്ടാതയിരുന്നു. എന്നാൽ, ഇവിടെ ഉമ്മൻ ചാണ്ടി ശുപാർശയോടെ പ്രോജക്റ്റ് കൈമാറിയത് മന്ത്രി കെ.സി .ജോസഫിനാണ്.

അങ്ങനെയിരിക്കെയാണ് സോളാർ വൈദ്യുതി ഉത്പാദനം വ്യാപകമാക്കുന്നതിനായി  ആരംഭിച്ചു കഴിഞ്ഞ ഒരു ബിസിനസ്സിനു വേണ്ടി ഗവർമെന്റിന്റെ സഹായ സഹകരണങ്ങൾ തേടി ടിം സോളാർ എനർജി സൊലൂഷ്യൻസ് പ്രൈ. ലിമിറ്റഡ് എന്ന കമ്പനിയുമായി ബിജു-സരിത കൂട്ടുകെട്ട് ഉമ്മൻ ചാണ്ടിയെ സമീപിച്ചത്. തേടിയ വള്ളി കാലിൽ ചുറ്റിയെന്ന ആലോചനയോടെ  ഉമ്മൻ ചാണ്ടി ടിം  സോളാറുമായി സഹകരിച്ചു തുടങ്ങി. സരിത ആദ്യമായി ഇക്കാര്യത്തിന് ഉമ്മൻ ചാണ്ടിയെ കണ്ടത് അന്ന് മന്ത്രിയായിരുന്ന ഗണേഷ് കുമാറിന്റെ ഓഫിസിന്റെ സഹായത്തോടെയായിരുന്നു.വിശദമായ ഒരു റിപ്പോർട്ട് സമർപ്പിച്ചു

തന്മയത്തത്തോടെ സംസാരിച്ച് ഉമ്മൻ ചാണ്ടിയിൽ താല്പര്യവും ബോധ്യവും ഉളവാക്കാൻ സരിതയ്ക് കഴിഞ്ഞു. അതെ തുടർന്ന്, ദൈനംദിനം എന്ന വണ്ണം ഉമ്മൻ ചാണ്ടിയും സരിതയും ഈ വിഷയത്തിൽ ആശയവിനിമയം നടത്തികൊണ്ടിരുന്നു. ഉമ്മൻ ചാണ്ടി ഫോൺ വിളിക്കാനും കോൾ സ്വീകരിക്കാനും ഉപയോകിച്ചിരുന്ന ജോപ്പൻ, ജിക്കുമോൻ, സലിം രാജ് എന്നിവരുടെ ഫോണുകളിൽ 100 കണക്കിന് കോളുകൾ സരിത വിളിച്ചതായും സരിതയെ വിളിച്ചതായും ഉണ്ടാകാനുള്ള കാരണം ഇതാണ്. ക്ലിഫ് ഹൗസിലെ പൊതുവായ ഉപയോഗത്തിനുള്ള രണ്ടു ലാൻഡ് ഫോണുകൾക്ക് പുറമേ മുഖ്യമന്ത്രിക്കു മാത്രം ഉപയോകിക്കാനുള്ള രഹസ്യ സ്വഭാവമുള്ള ഫോണും സരിതയ്ക് ഉപയോഗിക്കാൻ സ്വാതന്ത്ര്യം നൽകിയിരുന്നു.

ഈ ഘട്ടത്തിൽ മുഖ്യമന്ത്രിയും മന്ത്രി ആര്യാടൻ മുഹമ്മദും സോളാർ എനർജിയെ കുറിച്ച് പൊതു പരിപാടികളിൽ പരാമർശിച്ചു തുടങ്ങി. അര്യാടൻ മുഹമ്മദ് ടിം സോളാർ കമ്പനിയുടെ പേര് എടുത്തു പറഞ്ഞു പ്രസംഗികാനും തുടങ്ങിയിരുന്നു. കൂടാതെ ടിം സോളാറിന്റെ വാർഷികഘോഷ പരിപാടിയിലും എനെർജി മാർട്ടുകളുടെ ഉത്ഘാടന പരിപാടികളിലും മന്ത്രിമാരെയും കോൺഗ്രസ് എ ഗ്രൂപ്പ് നേതാക്കളെയും പങ്കെടുപ്പിക്കുന്നതിനും എം എൽ എ മാരുടെ ഫണ്ടിൽ നിന്ന് പണം നൽകി സോളാർ സ്ട്രീറ്റ് ലൈറ്റ് പദ്ധതികൾ നിയോജക മണ്ഡലങ്ങളിൽ ആരംഭിക്കുന്നതിനു വേണ്ട സഹായങ്ങൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും നൽകി. എ ഗ്രൂപ്പ് നേതാക്കളോ മന്ത്രിമാരോ അല്ലാത്ത ചിലരും ടീം സോളാറുമായി ഇടപെട്ടിട്ടുണ്ട്. അത് ഒന്നുകിൽ പ്രാദേശിക സാന്നിധ്യം മൂലമോ അല്ലെങ്കിൽ സരിതയുടെ മാർക്കറ്റിംഗ് വൈദഗ്ധ്യം മൂലമോ ആണ്. ഇതുവരെയുള്ള മൊഴികളിൽ വെളിവാക്കപെട്ടിട്ടുള്ള പേരുകൾ മുഖ്യമന്ത്രിക്കും ആര്യാടൻ മുഹമ്മദിനും പുറമേ അടൂർ പ്രകാശ്, എം അനിൽ കുമാർ, കെ സി ജോസഫ്, മോൻസ് ജോസഫ്, പി സി വിഷ്ണുനാഥ്, അബ്ദുള്ള കുട്ടി, ഹൈബി ഈഡൻ, ടോണി ചമ്മിണി എന്നിവരൊക്കെയാണ്.

ഇനിയാണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. സഹായ ഹസ്തം നീട്ടിയവരൊക്കെ അതുവഴി ടീം സോളറിന് ബിസിനസ് കിട്ടി തുടങ്ങിയപ്പോൾ പണം ആവശ്യപ്പെട്ടു തുടങ്ങി. ലാഭാവിഹിതത്തിനാണ് കരാര് എങ്കിലും ലാഭം വരുന്നതിനു മുൻപേ പണത്തിനുള്ള ഡിമാന്റ് മുറുകി. ദീർഘകാല കരാർ നിലനിൽക്കെ തന്നെ

തുടക്കമെന്ന നിലയിൽ മുഖ്യമന്ത്രി 7 കോടിയും ആര്യടാൻ മുഹമ്മദ് 2 കോടിയും ആവശ്യപ്പെട്ടു. എം എൽ എ മാർ, എം പി മാർ തുടങ്ങിയവർ പ്രത്യേകമായും ആവശ്യപ്പെട്ടു. ആവശ്യപ്പെട്ട പണം കൊടുക്കാൻ തക്കവണ്ണം വരുമാനം ആയിരുന്നില്ല. അതുകൊണ്ട് പ്രവർത്തന മൂലധനം കൂടി എടുത്ത് കൈക്കൂലി നല്കേണ്ടി വന്നു. ഇതുമൂലം ഇടപാടുകാരുമായുണ്ടാക്കിയ കരാറുകൾ പ്രകാരമുള്ള കാര്യങ്ങൾ ചെയ്തു കൊടുക്കുന്നതിൽ വീഴ്ച ഉണ്ടാകാൻ തുടങ്ങി. പിടിച്ചു നിൽക്കാവുന്ന കാലാവധി കഴിഞ്ഞപ്പോൾ ചില ഇടപാടുകാർ പോലീസ് സ്റ്റേഷനിൽ പരാതികൾ നൽകാൻ തുടങ്ങി. പരാതികളുടെ അടിസ്ഥാനത്തിൽ ഉണ്ടായ പോലിസ് നടപടികൾ താൽക്കാലികമായി നിറുത്തി വയ്പ്പിക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസുമായുള്ള ബന്ധം ഉപകരിച്ചു. എന്നാൽ പരാതികളുടെ എണ്ണം വർദ്ധിച്ചപ്പോൾ സംഗതി കൈവിട്ടു പോയി. അതിന്റെ ഫലമായാണ് 2013 ജൂൺ 2 ന് രാത്രി സരിത അറസ്റ്റ് ചെയ്യപ്പെട്ടത്.

അറസ്റ്റ് ഉണ്ടായപ്പോൾ സരിതയോ ബിജു രാധാകൃഷ്ണനോ അല്ല മുഖ്യമന്ത്രിക്ക് എതിരെ വിരൽ ചൂണ്ടിയത്. ടീം സോളാറുമായി കരാറിലേർപ്പെട്ട ഇടപാടുകാരയിരുന്നു. പെരുമ്പാവൂരിലുള്ള സജാദ്, മല്ലേലിൽ ശ്രീധരൻ നായർ, ഇടയാറന്മുളയിലുള്ള ബാബുരാജ്, ഡോ. ടി സി മാത്യു, റാസിക്ക് അലി തുടങ്ങിയ ഇടപാടുകാർ മുഖ്യമന്ത്രിയുടെ ഓഫീസുമായുള്ള ടീം സോളാർ കമ്പനിയുടെ ബന്ധത്തെ മുൻ നിറുത്തിയാണ് പണം നിക്ഷേപിച്ചതെന്നു പോലീസിനു മൊഴി നൽകുകയും പരസ്യ പ്രസ്താവന നടത്തുകയും ചെയ്തു. അപ്പോഴൊന്നും ബിജുവോ സരിതയോ മുഖ്യമന്തിക്ക് എതിരെയോ, മറ്റു നേതാക്കൾക്ക് എതിരെയോ വിരൽ ചൂണ്ടിയില്ല. മറിച്ച്, അവർ മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട് പണം കണ്ടെത്തി കേസുകൾ ഒത്തുതീർപ്പാക്കനും ജയിൽ വിമോചിതരാകാനുമാണ് ശ്രമിച്ചത്.

പണം കൈപ്പറ്റിയ മുഖ്യമന്ത്രിയും അല്ലാതുള്ള നേതാക്കളും പണം തിരികെ നൽകാൻ വഴങ്ങാതിരുന്നപ്പോഴാണ് സരിത അവരുടെ പേരുകൾ ചേർത്ത് എറണാകുളം അഡിഷനൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിനു മുൻപിൽ പ്രസ്താവന നടത്തുകയും തുടർന്ന് ദീർഘമായ കത്ത് തയ്യാറാക്കി പുറത്ത് വിടുകയും ചെയ്തത്. കത്ത് പുറത്തായപ്പോൾ മുഖ്യമന്ത്രി വീണ്ടും ഇടപെടുകയും കത്ത് താൽക്കാലികമായി മുക്കുകയും ചെയ്തു.

കേസുകൾ ഒത്തുതീർപ്പക്കുന്നതിനു മുഖ്യമന്ത്രി ഇടപെട്ട് അടൂർ പ്രകാശ്, ബെന്നി ബഹനാൻ, തോപ്പിൽ രവി എന്നിവർ വഴി 86 ലക്ഷം രൂപ സരിതയുടെ അഭിഭാഷകന് എത്തിച്ചു കൊടുത്തിട്ടുണ്ടെന്നാണ് മൊഴികൾ. ഇത് കൂടാതെ അബ്ദുള്ള കുട്ടി 10 ലക്ഷം രൂപ നൽകിയതായും മൊഴിയുണ്ട്. മണലൂർ എം എൽ എ മാധവനും ഇടപെട്ടിട്ടുള്ളതായി മൊഴിയുണ്ട്.

വളരെ സമർത്ഥരായ രണ്ട് പേരെയും കൂടി ഒതുക്കാൻ ബുദ്ധിമുട്ടാണെന്ന് തോന്നിയതിന്റെ അടിസ്ഥാനത്തിൽ 2006 മുതൽ IPC 498 A വകുപ്പ് മാത്രം ഉൾപ്പെടുത്തിയിരുന്ന തനിക്കെതിരെയുള്ള ചാർജിൽ IPC 302 (കൊലപാതകം) കൂടി ഉൾപ്പെടുത്തി തന്നെ ശിക്ഷിപ്പിച്ചു അകത്താക്കി ശല്യമൊഴിവാക്കിയെന്ന ബിജു രാധാകൃഷ്ണന്റെ മൊഴിയും ഉമ്മൻ ചാണ്ടിക്കെതിരെ വിരൽ ചൂണ്ടുന്നുണ്ട്. അത് കമ്മിഷന്റെ അന്വേഷണ പരിധിയിൽ നിൽക്കുന്നതാകില്ല.

സരിത ജയിൽ വിമോചിത ആയപ്പോൾ ബാക്കി പണം ലഭിക്കുന്നതിനു വേണ്ടി മുഖ്യ മന്ത്രിയെ നേരിട്ടും ദൂതൻമാർ വഴിയും ബന്ധപ്പെട്ടു. പ്രതീക്ഷ നൽകുന്ന വെറും വാക്കിനപ്പുറം പണം നൽകിയില്ല. അപ്പോഴും പ്രതീക്ഷ ഉപേക്ഷിക്കാതെ സരിത കാത്തിരുന്നു. മുഖ്യമന്ത്രിയെ വിസ്തരിക്കുന്നതിന് മുൻപുള്ള ദിവസങ്ങളിൽ കമ്മിഷനിൽ ഹാജരായപ്പോഴും സരിത ശരിയായ വസ്തുതകളിലേക്ക് കടക്കാതെ ഒഴിഞ്ഞു മാറിയത് മുഖ്യമന്ത്രിയിലുള്ള പ്രതീക്ഷ അപ്പോഴും നഷ്ട്ടപ്പെട്ടിരുന്നില്ല എന്നത് കൊണ്ടാണ്. ആ സമയത്താണ് മുഖ്യമന്ത്രി പിതൃ തുല്യനാണെന്ന് പ്രസ്താവന നടത്തിയത്. എന്നാൽ, മുഖ്യമന്ത്രി കമ്മിഷന് നല്കിയ മൊഴി സരിതയുടെ പ്രതീക്ഷകളെ തല്ലിക്കെടുത്തി. നിയമസഭയിലും പുറത്തും നടത്തിയ നുണ പ്രസ്താവനകളിൽ ഉറച്ചു നിന്നുകൊണ്ട് കൂടുതൽ നുണകൾ പറയുക മാത്രമല്ല മുഖ്യമന്ത്രി ചെയ്തത്. പിതൃതുല്ല്യൻ എന്ന് തന്നെ വിശേഷിപ്പിച്ച സരിതയെ ഒരു തട്ടിപ്പുകാരിയായും നാലാം കിട സ്ത്രീ ആയും വിശേഷിപ്പിക്കുക കൂടി ചെയ്തു. പണം ആവശ്യപ്പെട്ടു വാങ്ങുകയും ബിസിനസ് പങ്കാളിത്തത്തിന് കരാറുണ്ടാക്കുകയും ചെയ്ത ആളുതന്നെ തന്നെ തള്ളിപ്പറയുകയും നാണം കെടുത്തുക കൂടി ചെയ്യുകയും ചെയ്തപ്പോൾ സരിത എല്ലാം തുറന്നു പറയാൻ നിശ്ചയിച്ചതിന്റെ ഫലമാണ് കമ്മിഷനിൽ നൽകപ്പെട്ട മൊഴി.

സരിത മൊഴി നൽകിയിട്ടുള്ളത് തെളിവുകളുടെ പിൻബലത്തിലാണ്. തെളിവുകൾ പലതും കമ്മിഷനിൽ ഹാജരാക്കി കഴിഞ്ഞു. ഇനിയും കൂടുതൽ തെളിവുകളുണ്ടെന്ന് ചൂണ്ടിക്കാട്ടി അത് ശേഖരിച്ച് ഹാജരാക്കാൻ സരിത സാവകാശം തേടിയിരിക്കുകയാണ്.സരിതയുടെ മൊഴി പോലെ തന്നെ ബിജു രാധാകൃഷ്ണന്റെ മൊഴിയും ഉണ്ട്.